LIBRARY ARCHIVES Kerala Legislative Assembly

ചേർന്ന് നീരൊഴുക്കുചാലുകൾ തുടങ്ങിയവ ശുചീകരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് നടപ്പിലാക്കുന്നതുമാണ്. കൃഷ്ണപുരം പഞ്ചായത്തിൽ പ്രത്യേക പദ്ധതികൾ ഇല്ലെങ്കിലും ശുചീകരണത്തിന്റെ ഭാഗമായി ജലനിർഗ്ഗമനം സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്. പത്തിയൂർ പഞ്ചായത്ത് മലയിൻതോട് ശുചീകരണത്തിനായി സൈഡ് വാൾ നിർമ്മാണത്തിന് 8,07,500 രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ച് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നേടി. പോളേചാലിലെ പായൽ നീക്കം ചെയ്യാൻ പദ്ധതി തയ്യാറാക്കിവരുന്നു. ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് വാർഡ്തല സാനിറ്റേഷൻ സമിതി രൂപീകരിച്ച് എല്ലാ വാർഡിലെയും ഓടകളും നീരൊഴുക്കുകളും വൃത്തിയാക്കുന്നതിന് തീരുമാനിച്ചു. മൂന്ന് വാർഡുകളിലെ നീരൊഴുക്ക് സുഗമമാക്കി. വാർഡ് 2-ലെ കൊച്ചുതോട് വൃത്തിയാക്കി ജലനിർഗ്ഗമനം സുഗമമാക്കി. പൊതുകുളങ്ങൾക്ക് ചുറ്റും കമ്പിവേലി സ്ഥാപിക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയാൻ നടപടി, ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്ത് ഒതളപ്പുഴ തോട് പുനരുദ്ധാരണം (6 റീച്ച്), ചങ്ങായിൽ തോട് പുനരുദ്ധാരണം, ക്ഷേത്രംകുളങ്ങര തോട് പുനരുദ്ധാരണം എന്നീ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

134 (145) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പിന്റെ പ്രത്യേക ഫണ്ട് ഉപയോഗിച്ച് നെയ്യാറ്റിൻകര ചെങ്കൽ പഞ്ചായത്തിലെ ഉദിയൻകുളങ്ങര മാർക്കറ്റ് കോംപ്ലക്സ് നിർമ്മാണം, നെയ്യാറ്റിൻകര നഗരസഭയിലെ ആറാലുംമൂട് മാർക്കറ്റ് നവീകരണം എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഏതൊക്കെ നടപടികളാണ് തദ്ദേശസ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കുമോ;

&

(ബി) ഓരോ മാർക്കറ്റിനും എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് ധനകാര്യ വകുപ്പ് നൽകിയതെന്ന് വിശദമാക്കുമോ?

നെയ്യാറ്റിൻകര ചെങ്കൽ ഗ്രാമപഞ്ചായത്തിലെ ഉദിയൻകുളങ്ങര മാർക്കറ്റ് കോപ്ലക്സ് നവീകരണം, നെയ്യാറ്റിൻകര നഗരസഭയിൽ ആറാലുംമൂട് പച്ചക്കറി മാർക്കറ്റ് നവീകരണം എന്നീ പ്രവൃത്തികൾക്ക് 'റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ്'-ന്റെ

ഭാഗമായി യഥാക്രമം 2 കോടി, 1 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ ആദ്യത്തെ പ്രവൃത്തിയുടെ റിവൈസ്ഡ് ഡി.പി.ആർ.-ഉം രണ്ടാമത്തെ പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കി വരുന്നു.

പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയം

135 (146) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിനുതന്നെ മാതൃകയായി ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയത്തിന്റെ പ്രവൃത്തി ഇപ്പോൾ ഏതുഘട്ടത്തിലാണ്?

രണ്ട് ഘട്ടങ്ങളായാണ് പ്രവൃത്തി നടത്തുന്നത്. ഒന്നാം ഘട്ടത്തിലെ റോഡ് ഒഴികെയുള്ള 90% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ട പ്രവൃത്തിയുടെ എഗ്രിമെന്റ് തീയതി 28-12-2020 ആണ്. ആയതുപ്രകാരം നിലവിൽ 30% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകൾക്കും ഉപകരിക്കുന്ന രീതിയിൽ നിർമ്മിക്കുന്ന പ്രസ്തുത ശ്മശാനം എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

എഗ്രിമെന്റ് പ്രകാരം 28-06-2021-ൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

ചൂർണിക്കര മിച്ചഭൂമി ഏറ്റെടുക്കൽ

136 (147) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജകമണ്ഡലത്തിൽ ചൂർണിക്കര പഞ്ചായത്തിലെ ആശോക ടെക്സ്റ്റൈൽസിൽനിന്നും ഏറ്റെടുത്തതും നിലവിൽ കളിസ്ഥലമായി ഉപയോഗിച്ചുവരുന്നതുമായ ഭൂമി പഞ്ചായത്തിന് വിട്ടുകൊടുക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറേറ്റിലെ 14409/19/18 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly